അശ്ലീലപ്രചാരണം ഒരു കുററമാകയാൽ, സാധാരണ കോടതികൾവഴിക്കു ഇതിനെതിരെ നടപടികളെടുക്കാം. പക്ഷേ, ചെലവും കാലതാമസവും ആലോചിക്കുമ്പോൾ ഈ മാർഗം സാധാരണക്കാർക്കു ദുർഗമമായിരിക്കും. ആക്ഷേപക്കാർ പ്രസ്സ് കൗൺസിലിനെ സമീപിക്കുന്നതാണു് കൂടുതൽ പ്രായോഗികം.

25 ഒക്ടോബർ, 1981

# 58. സ്വാതന്ത്ര്യം പത്രത്തിനെതിരെ

പത്രസ്വാതന്ത്ര്യത്തെപ്പററി ധാരാളം എഴുതപ്പെട്ടിട്ടുണ്ടു്. പത്രങ്ങൾക്കെതിരെ വ്യക്തികൾക്കുള്ള സ്വാതന്ത്ര്യത്തെപ്പററിയാണു് ഇവിടെ എഴുതുന്നതു്.

പത്രങ്ങളുടെ കോപ്പികൾ പതിനായിരക്കണക്കിനും ലക്ഷക്കണക്കിനും വിററഴിയുന്നു. ലക്ഷക്കണക്കിനും ദശലക്ഷക്കണക്കിനും ആളുകൾ ഇവ വായിക്കുന്നു. അച്ചടിച്ചുകണ്ടതെല്ലാം സത്യമെന്നു കരുതുന്നവരാണു് വായനക്കാരിലധികവും. ഒരേ ആരോപണംതന്നെ, മാറിയും മറിച്ചും, ദിവസേന ആവർത്തിക്കാൻ പത്രങ്ങൾക്കു കഴിയുന്നു.

പത്രങ്ങളുടെ ശക്തി അപാരമാണു്. തങ്ങൾക്കു വിരോധം തോന്നുന്ന വ്യക്തികളുടെ സല്പേരു് എന്നെന്നേക്കുമായി നശിപ്പിക്കാനും, അവരുടെ ജീവിതം ദുരിതപൂർണവും ഭാവി അന്ധകാരമയവും ആക്കാനും പത്രങ്ങൾക്കു സാധിക്കും.

കരുതിക്കൂട്ടിയല്ലെങ്കിൽത്തന്നെ, പത്രങ്ങൾ വ്യക്തികളെ പരമാവധി ദ്രോഹിച്ചുവെന്നുവരും, ഒരു വാർത്താലേഖകന്റെയോ മുഖപ്രസംഗകന്റെയോ നിരൂപകന്റെയോ താത്ക്കാലികമായ മാനസികക്ഷോഭം, അവരുടെ വിമർശനങ്ങൾക്കു വിധേയരാകുന്ന വ്യക്തികൾക്കു ശാശ്വതമായ മനോവേദന വരുത്തിവെക്കുന്നതു് അപൂർവമല്ല.

പത്രത്തിനെതിരെ വ്യക്തിക്കു് കോടതിയുടെ സഹായം തേടാമെന്നതു ശരിയാണു്. പക്ഷേ, ഇതു് എളുപ്പമായ മാർഗമല്ല. കോടതിനടപടികൾക്കുവേണ്ടിവരുന്ന ഭീമമായ ചെലവും കാലതാമസവും അഗണ്യമാക്കിയാൽത്തന്നെ, പത്രത്തിനെതിരായി ഒരു വിധി സമ്പാദിക്കുക പലപ്പോഴും എളുപ്പമല്ല. മാത്രമല്ല, ഏതു് ഒഴിവാക്കാൻ വ്യക്തി ആഗ്രഹിക്കുന്നുവോ, ആ ദുഷ്പ്രവാദപ്രചാരണം കോടതിനടപടികൾമൂലം അധികമാകാനും സാദ്ധ്യതയുണ്ടു്.

അതിനാൽ, പത്രങ്ങളുടെ വിമർശനങ്ങൾക്കു വിധേയരാവുന്ന വ്യക്തികൾ തങ്ങളുടെ പരുക്കുകൾ തലോടി മിണ്ടാതിരിക്കുകയാണു് സാധാരണ പതിവു്.

ആക്ഷേപിക്കപ്പെട്ട വ്യക്തികൾക്കു് 'മറുപടിക്കുള്ള അവകാശം' പത്രപ്രവർത്തനത്തിന്റെ ഒരു മൗലിക ഘടകമാകുന്നു.

തന്നെപ്പററി തെററായ ആരോപണങ്ങളോ ആക്ഷേപങ്ങളോ വിവരങ്ങളോ പത്രത്തിൽ വരുമ്പോൾ, വ്യക്തിക്കു് അവയെ നിഷേധിച്ചുകൊണ്ടു് പത്രാധിപർക്കെഴുതാം. ആരോപണത്തിനു നൽകിയത്രതന്നെ പ്രാമുഖ്യം നൽകി ഈ മറുപടി പ്രസിദ്ധീകരിക്കേണ്ടതു് പത്രാധിപരുടെ ധർമമത്രേ.

പത്രാധിപർ ഈ ധർമം നിറവേററുന്നില്ലെങ്കിൽ, ആക്ഷേപമുള്ളവർക്കു് ദൽഹിയിലെ 'പ്രസ്സ് കൗൺസിൽ ഓഫ് ഇന്ത്യ'യിൽ പരാതി ബോധിപ്പിക്കാം. പ്രസ്സ് കൗൺസിൽ ഇത്തരം പരാതികളെപ്പററി അന്വേഷിക്കുകയും, തെററു ചെയ്തതായി ബോദ്ധ്യപ്പെട്ടാൽ പത്രത്തിനെതിരെ

വിധി നൽകുകയും ചെയ്യും. ആ വിധി പത്രത്തിൽ പ്രസിദ്ധപ്പെടുത്താൻ പത്രാധിപർ നിയമപ്രകാരം ബാദ്ധ്യസ്ഥനാണ്.

ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം:

ഡോ. രാധാകൃഷ്ണന്റെ പുത്രനും ഡൽഹിയിലെ ജവാഹർലാൽ നെഹ്റു യൂണിവേഴ്സിററിയിൽ ചരിത്ര പ്രഫസറും ചരിത്രകാരനെന്ന നിലയിൽ പ്രഖ്യാതനുമാണ് ഡോ. എസ്. ഗോപാൽ. ഇദ്ദേഹം എഴുതിയ 'ജവാഹർലാൽ നെഹ്റു—ഒരു ജീവചരിത്രം' എന്ന ഗ്രന്ഥത്തിന്റെ രണ്ടാം വാല്യത്തിന്റെ നിരൂപണം 1979 ഡിസംബർ 11-ലെ 'ഹിന്ദു' പത്രത്തിൽ ചേർത്തിരുന്നു. ആ പത്രത്തിന്റെ അമേരിക്കയിലെ ലേഖകനായ ശ്രീ എൻ. രാം ആണ് നിരൂപണമെഴുതിയിരുന്നതു്.

നിരൂപണം തികച്ചും ഖണ്ഡനപരമായിരുന്നു. ഡോ. ഗോപാൽ തന്റെ ചരിത്രനായകനെ സമീപിക്കുന്നതു് 'ഏക മുഖ'മായിട്ടാണെന്നും, ചരിത്രഗവേഷണത്തിനു് ഉണ്ടായിരിക്കേണ്ടതെന്നു് ഗ്രന്ഥകാരന്റെതന്നെ സഹപ്രവർത്തകർ പറയുന്ന ബഹുമുഖ സമീപനത്തിനു തികച്ചും എതിരാണ് ഈ സമീപനമെന്നും ഈ നിരൂപണത്തിൽ പറഞ്ഞിരുന്നു.

ജവാഹർലാൽ നെഹ്റു യൂണിവേഴ്സിററിയിൽ ചരിത്രാദ്ധ്യാപകരായ മിസ്സ് രോമില ഥാപർ, ശ്രീ ബിപൻ ചന്ദ്ര എന്നിവരാണ് 'സഹപ്രവർത്തകർ' എന്നതുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരുന്നതു്. പുസ്തകനിരൂപണം കണ്ട ഉടനെ അവർ 'ഹിന്ദു' പത്രാധിപർക്കു്, പ്രസിദ്ധീകരണത്തിനായി ഒരു കത്തയച്ചു. നിരൂപണത്തിലധികം ഭാഗവും ഗ്രന്ഥകാരനെ വ്യക്തിപരമായി ആക്ഷേപിക്കാനാണ് ഉപയോഗിച്ചിട്ടുള്ളതെന്നും, അതിനാൽ ആ നിരൂപണം എതിർക്കപ്പെടേണ്ടതാണെന്നും കത്തിലുണ്ടായിരുന്നു. മാത്രമല്ല, ചരിത്രത്തെപ്പററി തങ്ങൾക്കുള്ള വീക്ഷണവും ഡോ. ഗോപാലിന്റെ ചരിത്രവീക്ഷണവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ലെന്നും, ഡോ. ഗോപാലിന്റെ സമീപനത്തിനു് എതിരാണ് തങ്ങളുടെ നിലപാടെന്ന സൂചന തികച്ചും തെററാണെന്നും കത്തിൽ വ്യക്തമായി പറയുകയും ചെയ്തിരുന്നു. ഒരു ഭേദഗതിയും വരുത്താതെ ഈ കത്തു് പ്രസിദ്ധീകരിക്കണമെന്നു് ലേഖകർ ആവശ്യപ്പെട്ടിരുന്നു.

ഈ കത്തു് 'ഹിന്ദു'പത്രാധിപർ പ്രസിദ്ധപ്പെടുത്തുകയുണ്ടായില്ല. പുസ്തകാഭിപ്രായപംക്തിയിൽ പ്രസിദ്ധീകരിക്കുന്ന നിരൂപണങ്ങളെപ്പററി വായനക്കാർ എഴുതുന്ന കത്തുകൾ തങ്ങൾ പ്രസിദ്ധീകരിക്കാറില്ല എന്നായിരുന്നു പത്രാധിപരുടെ നിലപാടു്. എന്നാൽ, നിരൂപണവിഷയമായ പുസ്തകം എഴുതിയ ആൾ പുസ്തകത്തിന്റെ ഉള്ളടക്കത്തെപ്പററി എന്തെങ്കിലും വിശദീകരണം നൽകുകയാണെങ്കിൽ അതു പ്രസിദ്ധീകരിക്കാറുണ്ടു്. അതുപോലെ, പുസ്തകാഭിപ്രായപംക്തിയിലല്ലാതെ, എഡിറേറാറിയൽ പേജിൽ 'ഫീച്ചർ' ആയി ചേർക്കുന്ന പുസ്തകാഭിപ്രായങ്ങളെക്കുറിച്ചുള്ള കത്തുകളും പ്രസിദ്ധപ്പെടുത്തുക പതിവുണ്ടു്. മിസ്സ് ഥാപർ, ബിപൻ ചന്ദ്ര എന്നിവരുടെ കത്തു് ഈ രണ്ടു് ഇനത്തിലും പെടുന്നില്ല. അതിനാൽ അതു പ്രസിദ്ധീകരിക്കേണ്ടതുമില്ല.

പത്രാധിപരുടെ ഈ നിശ്ചയത്തിനെതിരെ മിസ്സ് ഥാപറും ബിപൻ ചന്ദ്രയും പ്രസ്സ് കൗൺസിലിൽ 1980 ജനുവരി 25-ാം തീയതി പരാതി ബോധിപ്പിച്ചു. പ്രസ്സ് കൗൺസിൽ ഈ പരാതി 'ഹിന്ദു'പത്രാധിപർക്കു് അയയ്ക്കുകയും അദ്ദേഹത്തിന്റെ വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. പത്രാധിപർ നൽകിയ വിശദീകരണം ആക്ഷേപക്കാർക്കു് അയച്ചുകൊടുക്കപ്പെട്ടു. ഇതു തൃപ്തികരമാണെന്നു് അവർ കരുതിയില്ല. തങ്ങളുടെ അഭിപ്രായം വളച്ചൊടിച്ചു നിരൂപണത്തിൽ ചേർത്തിരിക്കയാൽ, ആ തെററു തിരുത്തുന്നതിനായി 'ഹിന്ദു'പത്രം തങ്ങളുടെ കത്തു പ്രസിദ്ധപ്പെടുത്തുകതന്നെ വേണമെന്നു് അവരാവശ്യപ്പെട്ടു.

ഇതിനെ തുടർന്ന്, പത്രത്തിനെതിരെ നടപടി എടുക്കാതിരിക്കാൻ കാരണം ബോധിപ്പിക്കണമെന്നു കാണിച്ച് പ്രസ്സ് കൗൺസിൽ 'ഹിന്ദു' പത്രാധിപർക്ക് നോട്ടീസ് അയച്ചു. ഇതിനു പത്രാധിപർ അയച്ച മറുപടിയിൽ, പുസ്തകനിരൂപണത്തിൽ ഗ്രന്ഥകാരനെ വ്യക്തിപരമായി ആക്ഷേപിച്ചിട്ടുണ്ടെന്ന ആരോപണം നിഷേധിച്ചിരുന്നു. പുസ്തകത്തിന്റെ ഉള്ളടക്കം, രീതി (സ്റ്റൈൽ), സ്വരം (ടോൺ) എന്നിവയേ നിരൂപണവിഷയമായിട്ടുള്ളു. ആക്ഷേപക്കാരുടെ ചരിത്രവീക്ഷണത്തെപ്പററി നിരൂപണത്തിൽ പ്രത്യേകമായി ഒന്നും പറഞ്ഞിട്ടില്ല; അതിനാൽ അവരുടെ അഭിപ്രായം വളച്ചൊടിക്കുന്ന പ്രശ്നമില്ല. മാത്രമല്ല, 'ഒരു മാററവും വരുത്താതെ' തങ്ങളുടെ കത്തു പ്രസിദ്ധീകരിക്കണമെന്ന ആക്ഷേപകരുടെ ആവശ്യം ഒരു പത്രാധിപർക്കും സ്വീകാര്യമാവുകയുമില്ല. മാററം വരുത്തുകയാണെങ്കിൽ കത്തു പ്രസിദ്ധീകരിക്കരുതെന്നു മാത്രമേ ഒരു ലേഖകൻ ആവശ്യപ്പെടാവൂ.

'ഹിന്ദു' പത്രാധിപരുടെ ഈ മറുപടി പ്രസ്സ് കൗൺസിൽ പരിഗണിച്ചു. കൗൺസിൽ നിയമിച്ച ഒരു എൻക്വയറി കമ്മററി മുമ്പാകെ 1980 ആഗസ്റ്റ് 6-നു ഹാജരാവാൻ ആക്ഷേപക്കാരോടും പത്രാധിപരോടും ആവശ്യപ്പെട്ടു. പത്രാധിപർ ഹാജരായില്ല. താൻ കൊടുത്ത വിശദീകരണത്തിൽക്കവിഞ്ഞ് ഒന്നും തനിക്കു പറയാനില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

പുസ്തകനിരൂപണത്തിൽ ആക്ഷേപക്കാരുടെ പേരെടുത്തുപറഞ്ഞിട്ടില്ലെങ്കിൽക്കൂടി, തനിക്ക് അനുകൂലമാണെന്ന നിലയിൽ അവരുടെ അഭിപ്രായം നിരൂപകൻ ഉദ്ധരിച്ചിരിക്കയാൽ, അതു സംബന്ധിച്ചുള്ള ആക്ഷേപക്കാരുടെ കത്തു പ്രസിദ്ധീകരിക്കാൻ 'ഹിന്ദു' പത്രത്തിനു ധാർമികമായി ബാദ്ധ്യതയുണ്ടെന്ന് പ്രസ്സ് കൗൺസിൽ വിധിച്ചു. എന്നാൽ, 'ഒരു മാററവും വരുത്താതെ' തങ്ങളുടെ കത്തു പ്രസിദ്ധീകരിക്കണമെന്ന് ആക്ഷേപക്കാർ ആവശ്യപ്പെട്ടുകൂടാ. കത്തു കുറേക്കൂടി ചുരുക്കി എഴുതാൻ പത്രാധിപർക്ക് ആക്ഷേപകരോടു പറയാമായിരുന്നു. അതു് അദ്ദേഹം ചെയ്യാത്തതു് ഒരു വീഴ്ചയായിപ്പോയി.

ആക്ഷേപം പ്രസ്സ് കൗൺസിൽ ശരിവെക്കുകയും ഇതു സംബന്ധിച്ച് കൗൺസിൽ എടുത്ത നടപടികളും, തീരുമാനങ്ങളും ക്രോഡീകരിച്ച്, 'ഹിന്ദു' പത്രത്തിൽ, ഉചിതമായ ഒരു സ്ഥലത്തു പ്രസിദ്ധീകരിക്കണമെന്നു നിർദേശിക്കുകയും ചെയ്തു.

പത്രങ്ങൾക്കെതിരെ വ്യക്തികൾക്കുള്ള സ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒന്നാണ് പ്രസ്സ് കൗൺസിലിന്റെ ഈ തീരുമാനം. മൂന്നു വസ്തുതകൾ ഇതിൽനിന്നു വ്യക്തമാകുന്നു:

1. ഒരു പത്രത്തിൽ പ്രസിദ്ധീകരിച്ച പുസ്തകാഭിപ്രായം സംബന്ധിച്ച്, പുസ്തകത്തിലെ ഉള്ളടക്കത്തെ വിശദീകരിച്ചുകൊണ്ട് ഗ്രന്ഥകാരൻ എഴുതുന്ന കത്തു പ്രസിദ്ധീകരിക്കുവാൻ പത്രത്തിനു ബാദ്ധ്യതയുണ്ട്.

2. പത്രത്തിൽ വന്ന ഒരു ലേഖനത്തിൽ തന്റെ അഭിപ്രായം വളച്ചൊടിച്ചു ചേർത്തിട്ടുള്ളതായി ആക്ഷേപമുള്ള ഒരാൾ അതിനെപ്പററി എഴുതിയാൽ, ആ കത്തു പ്രസിദ്ധപ്പെടുത്താൻ പത്രാധിപർ ബാദ്ധ്യസ്ഥനാണ്.

3. ഒരു പത്രം തന്നോട് അനീതി പ്രവർത്തിച്ചതായി ന്യായമായ ആക്ഷേപമുള്ള ഒരാൾക്ക് സങ്കടപരിഹാരത്തിന് പ്രസ്സ് കൗൺസിലിനെ സമീപിക്കാവുന്നതാണ്.

23 സെപ്തംബർ, 1981